(എഫ്) കോൺഗ്രസ്സ് പ്രസിഡൻറ് ശ്രീമതി ഇന്ദിരാഗാന്ധി തിരുവനന്തപുരത്തു് വന്നിരുന്നപ്പോൾ കവഡിയാർ വാർഡ് കോൺഗ്രസ്സ് കമ്മിറ്റി ഉൽഘാടനം നടത്തിയപ്പോൾ ഇവരുടെ വില്പടിച്ചാൻ പാട്ടു് അവിടെ നടത്തുകയുണ്ടായോ ;

(ജി) അതിനുശേഷം എവിടെയെല്ലാം നടത്തിയിട്ടുണ്ടു് ;

(എച്ച്) ഈ കലാസംഘത്തെ പിരിച്ചുവിടുവാൻ ഗവണ്മെൻറ്തീരുമാനിച്ചിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ കാരണമെന്തു് ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) നടത്തിവന്നിരുന്നു.

(ബി) 15-8-1958 മുതൽ.

(സി) രണ്ടു മണിക്കൂർ പരിപാടിക്കു് 25 രൂപയും, തുടർന്നുള്ള ഓരോ മണിക്കൂറിനും 10 രൂപയും, ഇതിനുംപുറമേ ദൂര സ്ഥലങ്ങളിൽ പോകുമ്പോൾ ടാൻസ്പോർട്ട് ചാർജ്ജും, ഡെയിലി അലവൻസും വസൂൽചെയ്തുകൊണ്ടിരുന്നു.

(ഡി) 50 സ്ഥലത്തു്.

(ഇ) ഒരു സ്റ്റോറുമെൻറ് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(എഫ്) നടത്തുക ഉണ്ടായിട്ടുണ്ടു്. എന്നാൽ കോൺഗ്രസ്സ് പ്രസിഡൻറ് ആ യോഗത്തിൽ സംബന്ധിച്ചിരുന്നില്ല.

(ജി) പോലീസ് ക്യാമ്പിനുവെളിയിൽ എവിടേയും നടത്തിയിട്ടില്ല.

(എച്ച്) ഇല്ല.

(ഐ) ഉദിക്കുന്നില്ല.

എറണാകുളം മുനിസിപ്പാലിറ്റിയിലെ തെരഞ്ഞെടുപ്പു്.

* 1782. [27] ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം മുനിസിപ്പാലിറ്റിയിലെ ഏതാനും കൗൺസിലർമാർ രാജിവച്ചതിനെത്തുടർന്നുണ്ടായിട്ടുള്ള ഒഴിവുകളിലേക്കു് തെരഞ്ഞെടുപ്പു് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലതാമസം വരുത്തുന്നതു് എന്തുകൊണ്ടാണു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

വെയിറ്റിംഗ് ഷെഡ്കൾ.

* 1783. [30] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യാത്രക്കാരുടെ സൗകര്യത്തെ പരിഗണിച്ചു് എത്ര വെയിറ്റിംഗ് ഷെഡ്കൾ കെട്ടുന്നതിനു് ഈ സാമ്പത്തിക വർഷത്തിൽ നിശ്ചയിച്ചിട്ടുണ്ടു് ; അതോടനുബന്ധിച്ചു് മലമൂത്രവിസർജ്ജനത്തിനു് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുമോ ?

† Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

ചെറിയ വെയിറ്റിംഗ് ഷെഡ്ഡുകളുടെ കാര്യം 63 എണ്ണം പണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ബസ്സ് സ്റ്റേഷൻകളിലല്ലാതെ വെയിറ്റിംഗ് ഷെഡ്ഡുകളോടനുബന്ധിച്ച് മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്നില്ല.

ഡിപ്പാർട്ട്മെൻറ് ജീവനക്കാരുടെ നിവേദനങ്ങൾ.

* 1784 [32] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്പാർട്ട്മെൻറ് ജീവനക്കാർക്ക്, ഡിപ്പാർട്ട്മെൻറിൽക്കൂടിയല്ലാതെ നേരിട്ടു മന്ത്രിമാരെ സമീപിച്ച് നിവേദനങ്ങൾ നടത്തുവാൻ ഇന്ന് നിയമപ്രകാരം അനുവാദമുണ്ടോ ;

(ബി) ഡിപ്പാർട്ട്മെൻറിന്റെ ശിക്ഷണത്തെ കെടുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും നടപടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

(എ) ഇല്ല.

(ബി) ഗവണ്മെൻറ് ജീവനക്കാരുടെ ഇത്തരം പ്രവർത്തനങ്ങൾ ഗവണ്മെൻറ് സർവ്വൻറ്സ് കോൺഡക്റ്റ് റൂൾസിനു വിരുദ്ധമാണെന്നും മേലാൽ അവ ഗൗരവമായ കുറ്റമായി വീക്ഷിക്കുന്നതാണെന്നും സർക്കുലർ മുഖേന അവരെ ധരിപ്പിച്ചിട്ടുണ്ട്.

ഗവണ്മെൻറ് സർവ്വീസിലെ നിയമനം സംബന്ധിച്ച് പട്ടിക വർഗ്ഗക്കാർക്കുള്ള സൗജന്യം.

* 1785. [33] ശ്രീ. കെ. കുഞ്ഞാമു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് സർവ്വീസിലേക്കു നിയമനം നടത്തുന്നതു സംബന്ധിച്ച് പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർക്ക് സൗജന്യങ്ങൾ നൽകുന്ന നിയമങ്ങളെ ഗവണ്മെൻറ് പുനഃപരിശോധന ചെയ്യുകയുണ്ടായോ ; ഉണ്ടെങ്കിൽ അതെന്താണ് ;

(ബി) സ്റ്റേറ്റിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 10 ശതമാനം റിസർവ്വേഷൻ വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുകയുണ്ടായോ ;

(സി) മദിരാശി ഗവണ്മെൻറ് പട്ടികജാതി, പട്ടികവർഗ്ഗങ്ങൾക്ക് ഗവണ്മെൻറ് സർവ്വീസിലേക്കുള്ള നിയമനങ്ങളിൽ പതിനഞ്ചര ശതമാനം റിസർവ്വേഷൻ അനുവദിച്ചതുപോലെയെങ്കിലും കേരളത്തിലെ ഹരിജനങ്ങൾക്ക് റിസർവ്വേഷൻ ലഭിക്കുന്നതിനു ഗവണ്മെൻറ് ആലോചിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

(എ, ബി, സി) പിന്നോക്കസമുദായങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും പബ്ലിക് സർവ്വീസിലേക്കുള്ള നിയമനങ്ങളിലേക്ക് അനുവദിച്ചിട്ടുള്ള സംവരണ വ്യവസ്ഥകൾ പൊതുവേ ഒന്നു പുനഃപരിശോധിക്കുകയും നിലവിലുള്ള റൂൾസിൽ വ്യത്യാസം ഒന്നും ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly